# അഭിപ്രായ സ്വാതന്ത്ര്യം നിരുപാധികമോ?

**മനുഷ്യാവകാശങ്ങളിൽ** മൗലിക പ്രധാനമായ ഒന്നാണ് അഭിപ്രായ സ്വാതന്ത്ര്യം. സ്വതന്ത്ര ജനാധിപത്യ സമൂഹങ്ങളെല്ലാം പൗരന്മാർക്ക് ഇത് ഉറപ്പു നൽകുന്നുണ്ട്. 19(1) (എ) വകുപ്പ് പ്രകാരം ഭരണഘടന ഇന്ത്യൻ പൗരന്മാർക്കും ഈ ഉറപ്പു നൽകിയിരിക്കുന്നു. പ്രസക്തമായ സന്ദർഭങ്ങളിലെല്ലാം കോടതികൾ ഇക്കാര്യം ആവർത്തിച്ചനുസ്മരിക്കാറുള്ളതുമാണ്. മേനകാ ഗാന്ധിയും സർക്കാറും തമ്മിലുണ്ടായ ഒരു വ്യവഹാരത്തിൽ തീർപ്പു കൽപിച്ച കോടതി മൗലികാവകാശത്തെ ഇങ്ങനെ വിശദീകരിക്കുകയുണ്ടായി: അഭിപ്രായ സ്വാതന്ത്ര്യത്തിന് ഭൂമിശാസ്ത്രപരമായ പരിധികൾ ബാധകമല്ല. അറിവുകൾ ശേഖരിക്കാനും ഇന്ത്യക്ക് അകത്തും പുറത്തുമുള്ള ആളുകളുമായി അഭിപ്രായങ്ങൾ പങ്കുവെക്കാനുമുള്ള സ്വാതന്ത്ര്യവും കൂടി അതുൾക്കൊള്ളുന്നുണ്ട്.

എന്നാൽ അഭിപ്രായ പ്രകടന സ്വാതന്ത്ര്യം നിരുപാധികമോ അനിയന്ത്രിതമോ ആണെന്ന് ഇപ്പറഞ്ഞതിനർഥമില്ല. മൗലികാവകാശത്തിന് ഭൂമിശാസ്ത്രപരമായ അതിരുകൾ ബാധകമല്ലെങ്കിലും അതിന്റെ പ്രയോഗത്തിന് തീർച്ചയായും ചില പരിധികളും പരിമിതികളുമുണ്ട്. മൗലികാവകാശങ്ങളുടെ പ്രയോഗം രാജ്യത്ത് നിലവിലുള്ള ഏതെങ്കിലും നിയമത്തിന്റെ നടത്തിപ്പിനെ തടസ്സപ്പെടുത്തരുതെന്നും പൊതു താൽപര്യങ്ങളുടെയോ നിയമവാഴ്ചയുടെയോ ധാർമിക മൂല്യങ്ങളുടെയോ സംരക്ഷണത്തിനു വേണ്ടി, അല്ലെങ്കിൽ അക്രമവാസനയെ ഉത്തേജിപ്പിക്കുന്നത് തടയുന്നതിനു വേണ്ടി നിയന്ത്രണ നിയമങ്ങൾ കൊണ്ടുവരാൻ സ്റ്റേറ്റിന് അധികാരമുണ്ടായിരിക്കുമെന്നും മൗലികാവകാശങ്ങൾ ഉറപ്പു നൽകുന്ന ഭരണഘടനയുടെ മുൻചൊന്ന വകുപ്പുകൾ തന്നെ വ്യക്തമാക്കിയിട്ടുണ്ട്.

മനസ്സാക്ഷിയുടെ തേട്ടങ്ങൾ, അഥവാ തനിക്ക് ശരിയെന്ന് ബോധ്യമുള്ള ആശയങ്ങൾ പറയാനും പ്രചരിപ്പിക്കാനുമുള്ള സ്വാതന്ത്ര്യമാണ് അഭിപ്രായ സ്വാതന്ത്ര്യം. അറിവുകളുടെയും ആശയങ്ങളുടെയും പങ്കുവെക്കലും വികസിപ്പിക്കലുമാണതിന്റെ കാതൽ. സ്വതന്ത്ര ജനാധിപത്യത്തിന്റെ ജീവവായുവാണത്. പൗരന്മാരെ പരസ്പരം അടുപ്പിക്കുകയും സഹകരിപ്പിക്കുകയും ഉദ്ബുദ്ധരാക്കി വളർത്തുകയും ചെയ്യുന്നത് ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും വിനിമയവും സമന്വയവുമാണ്. എല്ലാവരുടെയും എല്ലാ അഭിപ്രായ പ്രകടനങ്ങളുടെയും ഫലം ഇതൊക്കെത്തന്നെ ആയിരിക്കണമെന്നില്ല. മറ്റുള്ളവരുടെ അഭിമാനത്തെ വ്രണപ്പെടുത്തുകയും വികാരങ്ങളെ അവമതിക്കുകയും മൂല്യങ്ങളെ ചവിട്ടിമെതിക്കുകയും ചെയ്യുന്ന അഭിപ്രായങ്ങളും ചിലർക്കുണ്ടാവാം. അത്തരം അഭിപ്രായങ്ങൾ പൊതുജനമധ്യത്തിൽ പ്രകടിപ്പിക്കാതിരിക്കുകയാണ് ഉയർന്ന പൗരബോധത്തിന്റെ താൽപര്യം. ഈ താൽപര്യം പരിഗണിക്കാത്തവരെ സർക്കാറിന് നിയന്ത്രിക്കേണ്ടിവരും. ഇല്ലെങ്കിൽ ജനങ്ങൾ നിയമം കൈയിലെടുത്തുകൊണ്ട് മുന്നോട്ടുവരും. മറ്റുള്ളവരെ അപമാനിക്കാനും പ്രകോപിപ്പിക്കാനും എനിക്കവകാശമുണ്ട്; പക്ഷേ, പ്രകോപിതരാകാനും പ്രതിഷേധിക്കാനും മറ്റുള്ളവർക്ക് അവകാശമില്ല എന്ന് ശഠിച്ചിട്ട് കാര്യമില്ല. മറ്റുള്ളവരുടെ അഭിമാന ഭംഗത്തെയും, ആദരണീയ മൂല്യങ്ങളും ചിഹ്നങ്ങളും കളങ്കപ്പെടുത്തുന്നതിനെയും ന്യായീകരിക്കുന്നതാണോ അഭിപ്രായ സ്വാതന്ത്ര്യം എന്നൊരു ചോദ്യമുണ്ട്. വ്യക്തിയുടെ അഭിപ്രായ സ്വാതന്ത്ര്യവും സമൂഹത്തിന്റെ സ്വൈര ജീവിതവും തമ്മിൽ ഏറ്റുമുട്ടുമ്പോൾ സർക്കാർ ഏതു പക്ഷത്തുനിൽക്കണം എന്നതാണ് മറ്റൊരു പ്രശ്നം.

'പൈശാചിക വചനങ്ങൾ' എന്ന പുസ്തകം രചിച്ചതിന്റെ പേരിൽ 1980-കളിൽ ആംഗ്ലോ ഇന്ത്യൻ എഴുത്തുകാരനായ സൽമാൻ റുശ്ദിക്കെതിരെ ലോകമെങ്ങും പ്രതിഷേധമുയരുക

യുണ്ടായി. ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ പേരിൽ റുശ്ദിയെ പിന്തുണച്ച ഗവൺമെന്റുകൾ അതിനു ഇപ്പോഴും വലിയ വില കൊടുത്തുകൊണ്ടിരിക്കുകയാണ്. സരസ്വതി ദേവിയെ നഗ്നയായി ചിത്രീകരിച്ച എം.എഫ് ഹുസൈൻ ദീർഘകാലമായി പ്രവാസ ജീവിതം നയിക്കാൻ നിർബന്ധിതനായിരിക്കുന്നു. കാർട്ടൂണിലൂടെ മുഹമ്മദ് നബി നിന്ദിക്കപ്പെട്ടതിലും ലോകത്തുടനീളം മുസ്‌ലിംകൾ പ്രതിഷേധിക്കുകയുണ്ടായി. പ്രകോപിതരായ വിശ്വാസികൾ ചില സ്ഥലങ്ങളിൽ നാശനഷ്ടങ്ങൾ വിതച്ചതായും വാർത്തയുണ്ടായിരുന്നു. ഈയിടെ പ്രശസ്തനായ എഴുത്തുകാരൻ സക്കറിയ ചില അഭിപ്രായ പ്രകടനങ്ങളുടെ പേരിൽ കേരളത്തിൽ കൈയേറ്റത്തിനിരയാവുകയുണ്ടായി. അഭിപ്രായങ്ങളോടു വിയോജിക്കാം, ഖണ്ഡിക്കാം. അത് അഭിപ്രായ സ്വാതന്ത്ര്യത്തിന്റെ തന്നെ അനിവാര്യതയാണ്. പക്ഷേ, അഭിപ്രായ കർത്താവിനെ ആക്രമിക്കുന്നതും നിശ്ശബ്ദനാക്കുന്നതും അഭിപ്രായ സ്വാതന്ത്ര്യത്തിന്റെ നിഷേധവും അപലപനീയവുമാണ്. ഒപ്പം തന്നെ പരിഗണിക്കേണ്ട മറ്റൊരു സംഗതി കൂടിയുണ്ട്. മറ്റുള്ളവരെ പ്രകോപിപ്പിക്കുകയും അക്രമോത്സുകരാക്കുകയും ചെയ്ത അഭിപ്രായ പ്രകടനങ്ങളും ആവിഷ്കാരങ്ങളും സമൂഹത്തിന്റെ സ്വൈരജീവിതത്തെയും നിയമവാഴ്ചയെയും അവഗണിച്ച് സംരക്ഷിക്കാൻ മാത്രം രചനാത്മകവും മൂല്യവത്തുമായ സംഭാവനകളായിരുന്നുവോ?

ഇക്കഴിഞ്ഞ ജനുവരി ആറിന് മുംബൈ ഹൈക്കോടതി അഭിപ്രായ സ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട് സുപ്രധാനമായ ഒരു വിധി പുറപ്പെടുവിക്കുകയുണ്ടായി. 2007-ൽ അഡ്വ. ആർ.വി ഭാഷിൻ എഴുതിയ Islam-A Concept of Poitical World Invasion by Muslims (ഇസ്‌ലാം- ഒരു മുസ്‌ലിം ആഗോള രാഷ്ട്രീയാധിനിവേശ സങ്കൽപം) എന്ന പുസ്തകത്തിന് മഹാരാഷ്ട്ര ഗവൺമെന്റ് ഏർപ്പെടുത്തിയ നിരോധനത്തെ ശരിവെച്ചുകൊണ്ടുള്ളതാണ് ജസ്റ്റിസ് രഞ്ജനാ ദേശായിയും ഡി.വൈ ചന്ദ്രചൂഡും ആർ.എസ് മൊഹിതെയും ഉൾപ്പെട്ട മൂന്നംഗ ബഞ്ചിന്റെ ഈ വിധി.

ഇസ്‌ലാമിനും അതിന്റെ പ്രവാചകൻ മുഹമ്മദ് നബിക്കും ഇസ്‌ലാമിക പണ്ഡിതന്മാർക്കും എതിരായ അടിസ്ഥാനരഹിതവും അസത്യജടിലവുമായ ആരോപണങ്ങളുടെ സമാഹാരമാണ് അഡ്വ. ഭാഷിന്റെ കൃതി. ഇസ്‌ലാം ഉൾപ്പെടെയുള്ള ഏതു മതത്തെയും വിമർശിക്കാൻ മൗലികാവകാശത്തിന്റെ ഭാഗമായ അഭിപ്രായ സ്വാതന്ത്ര്യം അനുവദിക്കുന്നുണ്ടെന്നും മതവിമർശനം ഉൾക്കൊള്ളുന്നതുകൊണ്ടു മാത്രം ഒരു പുസ്തകം നിരോധിക്കാനാവില്ലെന്നും ചൂണ്ടിക്കാണിച്ച കോടതി പക്ഷേ, ആ വിമർശനം ഉത്തമ വിശ്വാസത്തോടുകൂടിയതും വൈജ്ഞാനികവുമായിരിക്കണമെന്നും ഊന്നിപ്പറഞ്ഞിരിക്കുന്നു. ആരോഗ്യകരമായ വിമർശനം ചിന്തയെ ഉത്തേജിപ്പിക്കുകയും ആശയങ്ങളെ വികസിപ്പിക്കുകയും നമ്മെ പുരോഗതിയിലേക്ക് നയിക്കുകയും ചെയ്യുമെന്ന്, ജസ്റ്റിസ് ദേശായി തയാറാക്കിയ 150 പേജുള്ള വിധിന്യായത്തിൽ സമർഥിക്കുന്നുണ്ട്. അതിനു പക്ഷേ, വിമർശനം വിദ്വേഷാധിഷ്ഠിതവും വ്യത്യസ്ത സമുദായങ്ങൾക്കിടയിൽ വൈരം വളർത്തുന്നതുമായിരിക്കരുതെന്നും സദുദ്ദേശ്യപരവും ആരോഗ്യകരമായ സംവാദത്തിലേക്ക് നയിക്കുന്നതും ആയിരിക്കണമെന്ന് എടുത്തു പറയുകയും ചെയ്തിരിക്കുന്നു.

മുംബൈ ഹൈക്കോടതിയുടെ ഈ വിധി ജുഡീഷ്യറിയിൽ ന്യൂനപക്ഷ സമുദായങ്ങൾക്കുള്ള വിശ്വാസം പൂർവോപരി ദൃഢീകരിക്കുന്നതാണ്. ആർക്കും ആരെയും കുതിരകയറാനും നിന്ദിക്കാനുമുള്ള നിരുപാധികമായ അനുവാദമല്ല അഭിപ്രായ സ്വാതന്ത്ര്യമെന്ന് സ്ഥിരീകരിച്ചിരിക്കുകയാണ് കോടതി. നിയമവാഴ്ചയുടെയും സാമൂഹിക സമാധാനത്തിന്റെയും, വ്യഷ്ടിഗതവും സമഷ്ടിഗതവുമായ അഭിമാനത്തിന്റെയും ധാർമിക സദാചാര മൂല്യങ്ങളുടെയും സംരക്ഷണമാണ് ഈ വിധിയുടെ അന്തർധാര. അതിനാൽ ഇപ്പറഞ്ഞ താൽപര്യങ്ങൾക്കും അഭിപ്രായ സ്വാതന്ത്ര്യത്തിനുമിടയിൽ സന്തുലനമുണ്ടാകേണ്ടത് അനിവാര്യമാകുന്നു. സാഹിത്യകലാകാരന്മാരും ചിന്തകരും അഭിപ്രായ പ്രകടനങ്ങളിൽ യുക്തിസഹമായ നിയന്ത്രണം സ്വയം പാലിക്കുന്നതാണ് കോടതി ഇടപെടലുകൾക്ക് അവസരം സൃഷ്ടിക്കുന്നതിനേക്കാൾ നല്ലത്.